**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3470** **08-10-2025 - ൽ മറുപടിയ്ക്ക്**

**യു. പി. വിഭാഗത്തിൽ അധിക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2025-26 അദ്ധ്യായന വർഷത്തെ തസ്തിക നിർണ്ണയത്തിൽ കോട്ടയം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ യു.പി.വിഭാഗത്തിൽ അധിക തസ്തികയുള്ള സ്കൂളുകൾ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികയുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ; | (എ) | 2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ നടന്നു വരികയാണ്. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അധിക തസ്തികയുടെ എണ്ണം സംബന്ധിച്ച് അന്തിമരൂപം ഉണ്ടാകുകയുള്ളൂ. |
| (ബി) | പ്രസ്തുത ജില്ലയിൽ 2025-26 അദ്ധ്യായന വർഷം യു. ഐ. ഡി. പ്രശ്നം കാരണം തസ്തിക നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ജില്ലയിൽ സർക്കാർ സ്കൂളിൽ 3 തസ്തിക നഷ്ടപ്പെട്ടിട്ടുണ്ട്. |
| (സി) | 2025-26 അദ്ധ്യായന വർഷത്തിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് വേണ്ടി മാറ്റിയിട്ടിരിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2025-26 അധ്യയന വർഷത്തിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് വേണ്ടി കോട്ടയം ജില്ലയിൽ 5 (അഞ്ച്) ഒഴിവുകൾ മാറ്റിയിട്ടുണ്ട്. |
| (ഡി) | 2025-26 അധ്യായന വർഷം ബൈട്രാൻഫൻസ്ഫർ പ്രമോഷന് വേണ്ടി ഒഴിച്ചിട്ടിരിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | 2025 - 26 അധ്യയന വർഷം ബൈട്രാൻസ്ഫർ പ്രമോഷന് വേണ്ടി കോട്ടയം ജില്ലയിൽ ഒരു ഒഴിവ് ഒഴിച്ചിട്ടിട്ടുണ്ട്. |
| (ഇ) | 2024-25 അധ്യായന വർഷത്തെ ബൈട്രാൻസ്ഫർ പ്രമോഷനായി ഒഴിവുകൾ മാറ്റിയിട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ഒഴിവുകളെന്നും വ്യക്തമാക്കാമോ; | (ഇ) | 2024-25 അധ്യയന വർഷത്തെ ബൈട്രാൻസ്ഫർ പ്രമോഷനായി കോട്ടയം ജില്ലയിൽ 02 (രണ്ട്) ഒഴിവുകൾ ഒഴിച്ചിട്ടിരിക്കുന്നു. |
| (എഫ്) | കൈറ്റ്, ഡയറ്റ് എന്നീ സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ യു.പി.എസ്.റ്റി.അദ്ധ്യാപകർ ഉണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര പേരെന്നും അറിയിക്കുമോ; അവർക്ക് പകരം നിയമിച്ചവരുടെ വിവരങ്ങൾ നല്കാമോ? | (എഫ്) | കോട്ടയം ജില്ലയിൽ നിന്നും ഡയറ്റ്-ലേക്ക് ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ യു.പി.എസ്.റ്റി. അദ്ധ്യാപകരുടെ എണ്ണം -01 (ഒന്ന്).<br><br>കൈറ്റ്-ലേക്ക് ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ യു.പി.എസ്.റ്റി. അദ്ധ്യാപകരുടെ എണ്ണം -01 (ഒന്ന്).<br><br>ഇത്തരം ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ പകരം നിയമനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ